രാജ്യത്തിന്റെ ബ്ലൂ ഇക്കോണമി (സമുദ്രവുമായി ബന്ധപ്പെട്ട സമ്പദ് വ്യവസ്ഥ) യുടെ ഭാവിസാധ്യതകൾ വിലയിരുത്തുന്നു കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മേധാവി

ഡോ. ഗ്രിൻസൺ ജോർജ്

കൃഷിനോട്ടം

# സമുദ്രോൽപന്നമേഖലയിൽ ഇന്ത്യ കുതിപ്പിലേക്ക്

സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക നേട്ടങ്ങൾക്കുമായി കടലിനെയും മറ്റ് ജലസ്രോതസ്സുകളെയും സുസ്ഥിരമായി വിനിയോഗിക്കുന്നതാണ് ലളിതമായി പറഞ്ഞാൽ നീല സമ്പദ്‌വ്യവസ്ഥ (ബ്ലൂ ഇക്കോണമി). സമുദ്രവിഭവങ്ങളെയും ജലവിഭവങ്ങളെയും സംരക്ഷിച്ചുകൊണ്ടുതന്നെ ഉത്തരവാദിത്തത്തോടെ അവയെ പ്രയോജനപ്പെടുത്താമെന്ന ആശയമാണിത്. മത്സ്യബന്ധനം, കടൽകൃഷി, കടൽപായൽകൃഷി, കടൽ ടൂറിസം, തീരദേശ മത്സ്യക്കൃഷി, തുറമുഖ വികസനം, പുനരുപയോഗ ഊർജോൽപാദനം, മറൈൻ ബയോടെക്നോളജി, ധാതുഖനനം തുടങ്ങിയവ ബ്ലൂ ഇക്കോണമിയിൽ ഉൾപ്പെടുന്നു.



കടലിൽനിന്നു നിലവിൽ ശരാശരി 35 ലക്ഷം ടൺ മത്സ്യമാണ് ഒരു വർഷം ഇന്ത്യൻ തീരങ്ങളിൽ ലഭിച്ചുവരുന്നത്. കാലാവസ്ഥമാറ്റം ഉൾപ്പെടെ ഒട്ടേറെ വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ കൂടുമത്സ്യക്കൃഷി പോലുള്ള മാരികൾച്ചർ (സമുദ്രക്കൃഷി) രീതികൾ ശക്തിപ്പെടുത്തിയാൽ മാത്രമേ സമുദ്ര മത്സ്യോൽപാദനം മെച്ചപ്പെടുത്താനാവുകയുള്ളൂ. സീഫുഡിന്റെ ആവശ്യകത വർധിക്കുന്നതിനനുസരിച്ച് സമുദ്ര മത്സ്യോൽപാദനവും വർധിപ്പിക്കേണ്ടതുണ്ട്.

മാരികൾച്ചറിലൂടെ ഏകദേശം ഒന്നര ലക്ഷം ടൺ മത്സ്യമാണ് ഇന്ത്യയിൽ ഒരു വർഷം ഉൽപാദിപ്പിക്കുന്നത്. ഇത് ഗണ്യമായി കൂട്ടുന്നതിനു വേണ്ട വിഭവങ്ങളും സമുദ്ര സമ്പത്തും നമുക്കുണ്ട്. യോജ്യമായ സാങ്കേതികവിദ്യകൾ കൂടി വികസിപ്പിക്കുന്നപക്ഷം മത്സ്യോൽപാദനം കൂട്ടാനാവുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രതീക്ഷ. സമുദ്രക്കൃഷി മത്സ്യോൽപാദനം ഒന്നര ലക്ഷം ടണ്ണിൽനിന്ന് 2047 ആകുമ്പോൾ 25 ലക്ഷം ടണ്ണിലേക്ക് എത്തേണ്ടതുണ്ട്. കൂടുമത്സ്യക്കൃഷി, ഇന്റഗ്രേറ്റഡ് മൾട്ടിട്രോഫിക് അക്വാകൾച്ചർ (സംയോജിത മത്സ്യക്കൃഷി) എന്നീ സാങ്കേതികവിദ്യകൾ ഇതിന് സഹായകമാകും.

കടൽപായൽകൃഷിയാണ് ബ്ലൂ ഇക്കോണമിയുടെ മറ്റൊരു പ്രധാന മേഖല. ലോകത്ത് 35.5 മില്യൺ ടൺ കടൽപായൽ ഒരു വർഷം ഉൽപാദിപ്പിക്കുന്നുണ്ടെന്നാണു കണക്ക്. എന്നാൽ, ഇന്ത്യയിൽ ഇതു വളരെ കുറവാണ്. അതേസമയം നമുക്ക് ഏറെ സാധ്യതകളുള്ള മേഖലയുമാണ്. പല വ്യാവസായികാവശ്യങ്ങൾക്കും ഇന്നു നാം കടൽപായൽ ഇറക്കുമതി ചെയ്യുകയാണ്. ചുരുങ്ങിയത് 50 ലക്ഷം ടൺ ഉൽപാദനമെങ്കിലും ഈ മേഖലയിൽ നേടേണ്ടതുണ്ട്. മത്സ്യം- കടൽപായൽ സംയോജിത കൃഷിരീതിയും അതിനുള്ള സാങ്കേതികവിദ്യയും സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. ഒപ്പം, കടൽപായലിൽനിന്നു പത്തിലേറെ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങളും. ഇവയ്ക്കെല്ലാം വിപണിയിൽ ആവശ്യക്കാരുമുണ്ട്. വ്യാവസായികമായി ഏറെ സാധ്യതകളുള്ളതാണ് കടൽപായൽകൃഷിയെന്നു സാരം. ചെറുകിട ഉൽപാദനത്തിൽനിന്നു വ്യാവസായിക തലത്തിലേക്കു വളരുമ്പോഴാണ് ബ്ലൂ ഇക്കോണമിയിൽ നേട്ടമുണ്ടാകുന്നത്.

എണ്ണമറ്റ ധാതുവിഭവങ്ങൾ കൊണ്ട് സമൃദ്ധമാണ് സമുദ്രം. എണ്ണ, വാതകം തുടങ്ങിയ ഊർജസ്രോതസ്സുകൾക്കൊപ്പം ഒട്ടേറെ വ്യാവസായിക സാധ്യതകളും സമുദ്ര വിഭവങ്ങളിലുണ്ട്. ബ്ലൂ ഇക്കോണമി വളരുമ്പോൾ തീരദേശമേഖലയിൽ ഒട്ടേറെ തൊഴിലവസരങ്ങളും സാമ്പത്തിക മുന്നേറ്റവുമുണ്ടാകും. തീരദേശമേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യമിട്ട് തീരദേശവാസികളെ ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത വികസന പദ്ധതികൾ വരണം. ഒപ്പം സുസ്ഥിരമായ രീതികൾ അവലംബിച്ചുള്ള കൃഷിസമ്പ്രദായങ്ങളും നടപ്പാക്കണം. സമുദ്രവിഭവങ്ങൾ സാങ്കേതികവിദ്യകളുടെ സഹായത്തോടെ ശാസ്ത്രീയമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ബ്ലൂ ഇക്കോണമിയിലൂടെ രാജ്യത്തിന് വൻ മുന്നേറ്റം കൈവരിക്കാനാകും. 2047 ആകുമ്പോഴേക്കും എല്ലാ മേഖലയിലും രാജ്യം വൻ ശക്തിയായി മാറാനൊരുങ്ങുകയാണ്. സമുദ്രോൽപന്നമേഖലയിലും ഈ മുന്നേറ്റമുണ്ടാകട്ടെ.